# ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 26.10.2024** | **പ്രധാന വാർത്തകൾ** | **TIME : 12.50 PM**

1. ഛത്തിസ്ഗഢിൽ ഭിലായ് IIT യുടെ നാലാം ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു.

   **President Droupadi Murmu inaugurates the fourth graduation ceremony of IIT Bhilai in Chhattisgarh.**

2. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ.

   **PM Modi to share his thoughts in Mann Ki Baat Programme on Akashvani tomorrow.**

3. വിവിധ സംസ്ഥാനങ്ങളിലെ 47 നിയമസഭാ മണ്ഡലങ്ങളിലേക്കും വയനാട് ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതിരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു, കേരളത്തിൽ പ്രചാരണം പുരോഗമിക്കുന്നു.

   **By-election picture for 47 Legislative Assembly constituencies in various states and Wayanad Lok Sabha constituency is clear and campaigning progressing in Kerala.**

4. ഇരുചക്രവാഹന യാത്രക്കാർ സുരക്ഷിതമല്ലാത്ത ഹെൽമെറ്റുകൾ ധരിക്കുന്നതിനെതിരെ രാജ്യവ്യാപകമായി പ്രചാരണം നടത്താൻ ജില്ലാ കളക്ടർമാർക്കും ജില്ലാ മജിസ്ട്രേറ്റുമാർക്കും നിർദേശം നൽകി കേന്ദ്രസർക്കാർ.

   **The Central Govt directs District Collectors and District Magistrates to conduct a nationwide campaign against the wearing of unsafe helmets by two-wheeler riders.**

5. പുനെ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യക്ക് 359 റൺസ് വിജയലക്ഷ്യം.

   **India set a target of 359 runs against New Zealand in the Pune Cricket Test.**

&&&&&&&&&&&&&&&&&

## HEADLINE – 1
## PREZ - INTRO

ഛത്തിസ്ഗഢ് പര്യടനത്തിൻറെ രണ്ടാം ദിനം ഭിലായ് IIT യുടെ നാലാം ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി ദ്രൗപദി മുർമു പങ്കെടുത്തു. മാലിന്യ നിർമ്മാർജന പ്രവർത്തനങ്ങളിൽ ഭിലായ് ഐ ഐ ടി നടത്തുന്ന പ്രവർത്തനങ്ങളെ രാഷ്ട്രപതി അഭിനന്ദിച്ചു.

(ഹോൾഡ് വോയിസ്)

കൂടാതെ റായ്പൂരിൽ നടക്കുന്ന പി ടി ദീൻദയാൽ ഉപാധ്യായ മെമ്മോറിയൽ ഹെൽത്ത് സയൻസിന്റെയും ആയുഷ് യൂണിവേഴ്സിറ്റിയുടെയും മൂന്നാം ബിരുദദാന ചടങ്ങിലും അവർ പങ്കെടുക്കും.

&&&&&&&&&&&&&&&&

## HEADLINE – 2
## MANN KI BAAT

പ്രധാനമന്ത്രി നരേന്ദ്രമോദി ആകാശവാണിയിലൂടെ ജനങ്ങളുമായി ആശയങ്ങൾ പങ്കു വയ്ക്കുന്ന പ്രതിമാസ റേഡിയോ പ്രഭാഷണ പരിപാടി മൻ കി ബാത് നാളെ. പരിപാടിയുടെ 115-ാമത് പതിപ്പാണിത്. ആകാശവാണിയുടേയും ദൂരദർശന്റേയും എല്ലാ ശൃംഖലകളിലും പരിപാടി തത്സമയം ലഭ്യമാകും. തുടർന്ന് പ്രാദേശിക ഭാഷകളിലും പരിപാടി പ്രക്ഷേപണം ചെയ്യും. AIR News വെബ്സൈറ്റ്, newsonair മൊബൈൽ ആപ്പ് എന്നിവയിലും മൻ കി ബാത് കേൾക്കാവുന്നതാണ്.

&&&&&&&&&&&&&&&&

## HEADLINE – 3
## NOMINATION-BY-ELECTION

വിവിധ സംസ്ഥാനങ്ങളിലെ 47 നിയമസഭാ മണ്ഡലങ്ങളിലേക്കും കേരളത്തിലെ വയനാട് ലോക്സഭാ മണ്ഡലത്തിലേക്കുമുള്ള ഉപതെരഞ്ഞെടുപ്പ് ചിത്രം തെളിഞ്ഞു. നാമനിർദ്ദേശപത്രിക സമർപ്പിക്കാനുള്ള സമയപരിധി ഇന്നലെ അവസാനിച്ചിരുന്നു. വോട്ടെടുപ്പ് അടുത്ത മാസം 13ന് നടക്കും. എന്നാൽ മഹാരാഷ്ട്രയിലെ നന്ദേഡ് ലോക്സഭാ മണ്ഡലത്തിലെയും ഉത്തരാഖണ്ഡിലെ കേദാർനാഥ് നിയമസഭാ മണ്ഡലത്തിലെയും വോട്ടെടുപ്പ് നവംബർ 20 നാണ്. വോട്ടെണ്ണൽ നവംബർ 23ന് നടക്കും.

&&&&&&&&&&&&&&&&

## HEADLINE – 3
## BIHAR-NOMINATIONS

ബിഹാറിൽ നാല് നിയമസഭാ സീറ്റുകളിലേക്കുള്ള ഉപതിരഞ്ഞെടുപ്പിലേക്ക് 50 സ്ഥാനാർത്ഥികളാണ് പത്രിക നൽകിയത്. നാമനിർദേശ പത്രികകളുടെ സൂക്ഷ്മപരിശോധന തിങ്കളാഴ്ച നടക്കും. ഈ മാസം 30 വരെ സ്ഥാനാർത്ഥികൾക്ക് പത്രിക പിൻവലിക്കാം.

&&&&&&&&&&&&&&&&

## HEADLINE – 3
## JHARKHAND-CAMPAIGNING

ഝാർഖണ്ഡ് നിയമസഭാ തിരഞ്ഞെടുപ്പിന്റെ ഒന്നാം ഘട്ട നാമനിർദ്ദേശ പത്രിക സമർപ്പിക്കുന്നതിനുള്ള സമയപരിധി ഇന്നലെ അവസാനിച്ചു. ആകെ 1,609 നാമനിർദ്ദേശ പത്രികകളാണ് ലഭിച്ചത്. 43 മണ്ഡലങ്ങളിൽ നടക്കുന്ന ആദ്യ ഘട്ട വോട്ടെടുപ്പ് നവംബർ 13 നാണ്. രണ്ടാം ഘട്ട വോട്ടെടുപ്പ് നവംബർ 20ന് നടക്കും.

&&&&&&&&&&&&&&&&

## HEADLINE – 3
## WAYANAD - INTRO

വയനാട് ലോക്സഭ ഉപതിരഞ്ഞെടുപ്പിൽ സ്ഥാനാർത്ഥി ചിത്രം വ്യക്തമായി. ഇതിനോടകം 21 പേരാണ് നാമ നിർദേശ പത്രിക സമർപ്പിച്ചിരിക്കുന്നത്.

**വിശദാംശങ്ങളുമായി ആകാശവാണി വയനാട് ജില്ലാ പ്രതിനിധി അരുൺ വിൻസൻ്റ്.**

(വോയ്സ്)

&&&&&&&&&&&&&&&&

## HEADLINE – 3
## KERALA BY ELECTION

ഉപതിരഞ്ഞെടുപ്പിൻ്റെ നാമനിർദ്ദേശ പത്രികാ സമർപ്പണത്തിൻ്റെ അവസാന ദിവസം പാലക്കാട് നിയമസഭാ മണ്ഡലത്തിൽ ഒമ്പത് പേർ കൂടി പത്രിക നൽകി. ഇതോടെ മുന്നണി സ്ഥാനാർഥികൾ ഉൾപ്പടെ മണ്ഡലത്തിൽ പത്രിക സമർപ്പിച്ചവരുടെ എണ്ണം 16 ആയി. ചേലക്കരയിൽ നാമ നിർദ്ദേശ പത്രിക സമർപ്പിക്കാനുള്ള അവസാന ദിവസമായ ഇന്നലെ 9 പേർ പത്രിക സമർപ്പിച്ചു.

&&&&&&&&&&&&&&&&

## PREZ-CONDOLENCES

വിഖ്യാത ഭൗതിക ശാസ്ത്രജ്ഞ രോഹിണി മധുസൂദൻ ഗോഡ് ബോലെയുടെ നിര്യാണത്തിൽ രാഷ്ട്രപതി ദ്രൗപദി മുർമുവും പ്രധാനമന്ത്രി നരേന്ദ്ര മോദിയും അനുശോചനം രേഖപ്പെടുത്തി. ശാസ്ത്ര മേഖലയിൽ സ്ത്രീകളുടെയും

പെൺകുട്ടികളുടെയും പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിന് ഗോഡ്ബോലെയുടെ മഹത്തായ സംഭാവനകൾ പ്രചോദനം നൽകിയതായി രാഷ്ട്രപതി പറഞ്ഞു. ശാസ്ത്ര സാങ്കേതിക മേഖലകളിലെ സംഭാവനകൾക്ക് 2019 ൽ രാജ്യം രോഹിണി ഗോഡ്ബോലെയെ പത്മശ്രീ നൽകി ആദരിച്ചിരുന്നു.

&&&&&&&&&&&&&&&&

## PM - RAJU CONDOLENCES

പ്രശസ്ത നർത്തകനും സാംസ്കാരിക പ്രതിഭയുമായ കനക രാജുവിൻ്റെ നിര്യാണത്തിൽ പ്രധാനമന്ത്രി നരേന്ദ്ര മോദി അനുശോചനം രേഖപ്പെടുത്തി. ഗുസ്സാഡി നൃത്തം സംരക്ഷിക്കുന്നതിൽ കനക രാജുവിൻ്റെ സംഭാവനകളെ പ്രകീർത്തിച്ച ശ്രീ മോദി, അദ്ദേഹത്തിൻ്റെ പാരമ്പര്യം ഭാവി തലമുറകൾക്ക് പ്രചോദനമായി തുടരുമെന്നും പ്രസ്താവിച്ചു.

&&&&&&&&&&&&&&&&

## SARDAR PATEL MEMORIAL LECTURE-ISRO CHIEF

സർദാർ വല്ലഭ്ഭായ് പട്ടേലിൻ്റെ സ്മരണയ്ക്കായി പ്രസാർ ഭാരതി സംഘടിപ്പിക്കുന്ന പരിപാടിയിൽ ഐഎസ്ആർഒ ചെയർമാൻ എസ്. സോമനാഥ് പ്രഭാഷണം നടത്തും. "ഇന്ത്യൻ സ്പേസ് ഒഡീസി: ഇൻ സെർച്ച് ഓഫ് ന്യൂ ഫ്രണ്ടിയേഴ്സ്" എന്നതാണ് വിഷയം. ന്യൂഡൽഹിയിൽ ഇന്ന് ആകാശവാണിയുടെ രംഗ് ഭവനിലാണ് പരിപാടി.

&&&&&&&&&&&&&&&&

## HEADLINE – 4
## HELMET CAMPAIGN

റോഡപകടങ്ങൾ കുറയ്ക്കുന്നതിന്റെ ഭാഗമായി, ഇരുചക്രവാഹന യാത്രക്കാർ സുരക്ഷിതമല്ലാത്ത ഹെൽമെറ്റുകൾ ധരിക്കുന്നതിനെതിരെ രാജ്യവ്യാപകമായി പ്രചാരണം നടത്താൻ ജില്ലാ കളക്ടർമാർക്കും ജില്ലാ മജിസ്ട്രേറ്റുമാർക്കും നിർദേശം നൽകി കേന്ദ്രസർക്കാർ. മാനദണ്ഡങ്ങൾ പാലിക്കാതെ ഗുണനിലവാരമില്ലാത്ത ഹെൽമറ്റുകൾ വിൽക്കുന്നത് തടയാൻ കർശന നടപടി സ്വീകരിക്കണമെന്നും ഉപഭോക്തൃകാര്യ വകുപ്പ് നിർദേശിച്ചു. ആവശ്യമായ ബിഐഎസ് സർട്ടിഫിക്കേഷനോ എസ്ഐ മുദ്രയോ ഇല്ലാത്ത നിലവാരമില്ലാത്ത ഹെൽമെറ്റുകൾ വ്യാപകമായി വിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് നടപടി. മോട്ടോർ വാഹന നിയമം 1988 പ്രകാരം ഇരുചക്രവാഹന യാത്രക്കാർ ഹെൽമറ്റ് ധരിക്കുന്നത് നിർബന്ധമാക്കിയിട്ടുണ്ട്.

&&&&&&&&&&&&&&&&

## SABARIMALA

ശബരിമലയിൽ വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനത്തിലൂടെ കുറ്റമറ്റ തീർത്ഥാടനം ഉറപ്പാക്കുമെന്ന് മന്ത്രി വി. വാസവൻ. പന്തളം ഇടത്താവളത്തിൽ ചേർന്ന അവലോകനയോഗം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. ഭക്ഷ്യസുരക്ഷാ, ലീഗൽ മെട്രോളജി വകുപ്പുകൾ, ആർഡിഒ എന്നിവയുടെ നേതൃത്വത്തിൽ പ്രത്യേക ടീമുകൾ രൂപീകരിച്ച് ഭക്ഷണ സാധനങ്ങൾ, കുടിവെള്ളം എന്നിവയുടെ ഗുണനിലവാരം ഉറപ്പാക്കണമെന്നും വിവിധ വകുപ്പുകൾക്ക് അദ്ദേഹം നിർദേശം നൽകി.

&&&&&&&&&&&&&&&&

## HEADLINE – 5

## CRICKET

പുനെ ക്രിക്കറ്റ് ടെസ്റ്റിൽ ന്യൂസിലൻഡിനെതിരെ ഇന്ത്യക്ക് 359 റൺസ് വിജയലക്ഷ്യം. മൂന്നാം ദിവസം ബാറ്റിംഗ് പുനരാരംഭിച്ച ന്യൂസിലൻഡ് രണ്ടാം ഇന്നിങ്സിൽ 255 റൺസിന് എല്ലാവരും പുറത്തായി, മറുപടി ബാറ്റിങ്ങിൽ ഇന്ത്യ, ഒടുവിൽ വിവരം ലഭിക്കുമ്പോൾ 3 വിക്കറ്റ് നഷ്ടത്തിൽ 127 റൺസ് എന്ന നിലയിലാണ്.

&&&&&&&&&&&&&&&&

## WTT - MANIKA

ടേബിൾ ടെന്നീസിൽ ചരിത്രം സൃഷ്ടിച്ച് WTT ചാമ്പ്യൻസ് ഇവൻ്റിന്റെ ക്വാർട്ടർ ഫൈനലിലേക്ക് യോഗ്യത നേടുന്ന ആദ്യ ഇന്ത്യക്കാരിയായി മണിക ബത്ര. ഫ്രാൻസിലെ മോണ്ട്പെല്ലിയറിൽ നടന്ന മത്സരത്തിൽ റൊമാനിയൻ താരത്തെ തോൽപിച്ചാണ് മണിക ക്വാർട്ടർ ഫൈനലിൽ കടന്നത്.

&&&&&&&&&&&&&&&&

## SUPER LEAGUE

സൂപ്പർ ലീഗ് കേരളയിൽ ഇന്ന് തൃശൂർ മാജിക് എഫ്സി കാലിക്കറ്റ് എഫ്സിയെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ രാത്രി 7.30 നാണ് മത്സരം.

&&&&&&&&&&&&&&&&

## UP-ROWING CHAMPIONSHIP

25-ാമത് ദേശീയ സബ് ജൂനിയർ റോവിംഗ് ചാമ്പ്യൻഷിപ്പിൻറെ ഫൈനൽ ഇന്ന് ഉത്തർപ്രദേശിലെ ഗോരഖ്പൂരിൽ നടക്കും. സബ് ജൂനിയർ ആൺകുട്ടികളുടെ സിംഗിൾ സ്കൾ സെമിഫൈനലിൽ കേരളം ,അസം ,

തമിഴ്നാട്, എന്നീ ടീമുകൾ മികച്ച പ്രകടനത്തോടെ ഫൈനലിലേക്ക് യോഗ്യത നേടി.

&&&&&&&&&&&&&&&&

## IMD-WEATHER

ദാന ചുഴലിക്കാറ്റിന്റെ പ്രഭാവത്താൽ ഗംഗാതീര പശ്ചിമ ബംഗാളിലെയും ഒഡീഷയിലെയും ഒറ്റപ്പെട്ടയിടങ്ങളിൽ കനത്ത മഴയ്ക്ക് സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. തമിഴ്നാട്, പുതുച്ചേരി, കാരക്കൽ, കേരളം, മാഹി എന്നിവിടങ്ങളിലും ശക്തമായ മഴ പെയ്തേക്കുമെന്നാണ് കാലാവസ്ഥാ പ്രവചനം. ഒഡീഷയുടെ വടക്കൻ തീരപ്രദേശത്ത് നിന്നും ദാന ചുഴലിക്കാറ്റ് സംസ്ഥാനത്തിന്റെ പടിഞ്ഞാറ് ഭാഗത്തേക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണെന്നും ക്രമേണ ശക്തികുറഞ്ഞ ന്യൂനമർദമായി മാറുമെന്നും കാലാവസ്ഥാ വകുപ്പ് അറിയിച്ചു.

&&&&&&&&&&&&&&&&

## AIR QUALITY INDEX DELHI

ഡൽഹിയിലെ വായു ഗുണനിലവാരം മോശം അവസ്ഥയിൽ തുടരുന്നു. ഇന്ന് രാവിലെ ഏഴ് മണിക്ക് 232 ആണ് തലസ്ഥാന നഗരിയിലെ വായു ഗുണനിലവാര സൂചികയെന്ന് കേന്ദ്ര മലിനീകരണ നിയന്ത്രണ ബോർഡ് അറിയിച്ചു.

&&&&&&&&&&&&&&&&

## GOLD RATE

സ്വർണ വിലയിൽ വർധന. പവന് 520 രൂപ ഉയർന്ന് 58,880 രൂപയായി. ഗ്രാമിന് 7360 രൂപയാണ് ഇന്നത്തെ വില

&&&&&&&&&&&&&&&&

## BSF, BGB DG-LEVE TALKS POSTPONED

നവംബർ 18 മുതൽ 22 വരെ ന്യൂഡൽഹിയിൽ നടത്താൻ നിശ്ചയിച്ചിരുന്ന ഇന്ത്യ - ബംഗ്ലാദേശ് അതിർത്തി സേനയുടെ 55-ാമത് ഡയറക്ടർ ജനറൽ തല ചർച്ച മാറ്റിവച്ചു. നിലവിലെ സാഹചര്യം കണക്കിലെടുത്ത് ബംഗ്ലാദേശ് അതിർത്തി സേന ഉദ്യോഗസ്ഥരെ രാജ്യത്തുടനീളം വിന്യസിച്ചിരിക്കുന്നതിനാൽ ചർച്ച ഒരു മാസത്തേക്ക് വൈകിപ്പിക്കാൻ ബംഗ്ലാദേശ്, ബിഎസ്എഫ് നോട് അഭ്യർത്ഥിച്ചു. ഇന്ത്യയുടെയും ബംഗ്ലാദേശിൻ്റെയും അതിർത്തി സേന വർഷത്തിൽ രണ്ടുതവണയാണ് ഡിജി തല യോഗങ്ങൾ നടത്തുന്നത്. ഈ വർഷം മാർച്ചിൽ ധാക്കയിലായിരുന്നു അവസാന കൂടിക്കാഴ്ച.

&&&&&&&&&&&&&&&&

## INDIAN AND CHINESE TROOPS

കിഴക്കൻ ലഡാക്കിലെ യഥാർഥ നിയന്ത്രണരേഖയിൽ ഇന്ത്യ, ചൈന സൈനിക പിൻമാറ്റം ആരംഭിച്ചു. ഡെപ്സങ്, ഡെംചോക് പ്രദേശങ്ങളിൽ നിന്നുള്ള സൈനിക പിൻമാറ്റമാണ് ആരംഭിച്ചത്. സേനാ പിൻമാറ്റം പൂർത്തിയായ ശേഷം പട്രോളിങ് ആരംഭിക്കും. ഇരുപ്രദേശങ്ങളിലും താൽക്കാലികമായി നിർമിച്ച സംവിധാനങ്ങളും പൊളിച്ചുനീക്കും. 2020 ഏപ്രിലിനു മുൻപത്തെ നിലയിലേക്കു ഘട്ടം ഘട്ടമായി മടങ്ങാനാണ് തീരുമാനം. റഷ്യയിലെ കസാനിൽ നടന്ന ബ്രിക്സ് സമ്മേളനത്തിനിടെ പ്രധാനമന്ത്രി നരേന്ദ്ര മോദിയും ചൈനയുടെ പ്രസിഡന്റ് ഷി ചിൻപിങ്ങും ചർച്ച നടത്തിയിരുന്നു.

&&&&&&&&&&&&&&&&

## ISRAEL-AIRSTRIKE

ഇറാനിലെ സൈനിക കേന്ദ്രങ്ങൾ ലക്ഷ്യമാക്കി ഇസ്രയേൽ വ്യോമാക്രമണം നടത്തിയതോടെ പശ്ചിമേഷ്യയിൽ സംഘർഷം രൂക്ഷമായി. ഈ മാസം ഒന്നിന് ഇറാൻ നടത്തിയ ആക്രമണങ്ങൾക്ക് മറുപടിയായാണ് ഇപ്പോഴത്തെ ആക്രമണങ്ങളെന്ന് ഇസ്രായേൽ പ്രതിരോധ സേന അറിയിച്ചു.

&&&&&&&&&&&&&&&&

## GYANWAPI CASE VARANASI

ഗ്യാൻവാപി സമുച്ചയത്തിൻറെ മുഴുവൻ ഭാഗങ്ങളിലും ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ കൂടുതൽ സർവേ നടത്തണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച ഹർജി ഉത്തർപ്രദേശിലെ വാരാണസി കോടതി തള്ളി. മുമ്പ് ASI പരിശോധിക്കാത്ത പ്രദേശങ്ങൾ സർവേ ചെയ്യണമെന്നായിരുന്നു ഹർജിയിലെ ആവശ്യം.

&&&&&&&&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&&&&&&&&&&&
&&&&&&&&&&&&&&&